# കേരള സർവകലാശാല

നം.പി.ആർ.270/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2019 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.വോക് സോഫ്റ്റ്വെയർ പരീക്ഷയുടെ പ്രാക്ടിക്കൽ 2020 ജനുവരി 14 മുതൽ 17 വരെയും ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി. വോക് സോഫ്റ്റ്വെയർ പരീക്ഷയുടെ പ്രാക്ടിക്കൽ 2020 ജനുവരി 21 മുതൽ 24 വരെയും നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.പി.എ വയലിൻ പരീക്ഷയുടെ പ്രാക്ടിക്കൽ 2020 ജനുവരി 28 മുതൽ 30 വരെയും 2019 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.പി.എ (മൃദംഗം) പരീക്ഷയുടെ പ്രാക്ടിക്കൽ 2020 ജനുവരി 6 മുതൽ 10 വരെയും 2019 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.പി.എ (വോക്കൽ) പരീക്ഷയുടെ പ്രാക്ടിക്കൽ 2019 ഡിസംബർ 31 മുതലും ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാകേന്ദ്രം

2019 ഡിസംബർ 31 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് (വിദൂരവിദ്യാഭ്യാസ കേന്ദ്രം – 2017, 2018 അഡ്മിഷൻ) റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷകൾക്ക് ഗവ.ആർട്സ് കോളേജ്, എം.ജി കോളേജ്, ഗവ.സംസ്കൃത കോളേജ്, എൻ.എസ്.എസ് കോളേജ് നിലമേൽ, ഗവ.കോളേജ് ആറ്റിങ്ങൽ, വിമൻസ് കോളേജ്, തിരുവനന്തപുരം, വി.റ്റി.എം.എൻ.എസ്.എസ് കോളേജ് ധനുവച്ചപുരം, കെ.യു.സി.ടി.ഇ കാര്യവട്ടം എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ വിദൂരവിദ്യാഭ്യാസകേന്ദ്രം (എസ്.ഡി.ഇ) കാര്യവട്ടത്തും, എം.എസ്.എം കോളേജ്, കായംകുളം, ടി.കെ.എം കോളേജ്, എൻ.എസ്.എസ് കോളേജ് പന്തളം, എസ്.എൻ കോളേജ്, കൊല്ലം, ബി.ജെ.എം ചവറ, എൻ.എസ്.എസ് കോളേജ്, ചേർത്തല എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ടി.കെ.എം കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, കൊല്ലത്തും ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് പരീക്ഷ എഴുതേണ്ടതാണ്.

## പരീക്ഷാഫീസ്

2020 ജനുവരി 29 ന് ആരംഭിക്കുന്ന മൂന്നാം വർഷ ബി.ഫാം സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ 2020 ജനുവരി 4 വരെയും 150 രൂപ പിഴയോടെ ജനുവരി 7 വരെയും 400 രൂപ പിഴയോടെ ജനുവരി 9 വരെയും ഫീസ് അടയ്ക്കാം.

## പരീക്ഷാഫലം

2019 നവംബറിൽ നടത്തിയ എം.ഫിൽ പൊളിറ്റിക്കൽ സയൻസ്, കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്, ലിംഗ്വിസ്റ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ് 2018 – 2019 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## സീറ്റ് ഒഴിവ്

സർവകലാശാലയുടെ അറബിക് വിഭാഗം ജനുവരിയിൽ ആരംഭിക്കുന്ന കമ്മ്യൂണിക്കേറ്റീവ് അറബിക് സർട്ടിഫിക്കറ്റ് കോഴ്സിന്റെ ആറാമത് ബാച്ചിൽ ഏതാനും സീറ്റ് ഒഴിവുണ്ട്. താല്പര്യമുളളവർ നിർദ്ദിഷ്ട അപേക്ഷാ ഫോമിൽ ഡിസംബർ 30 നകം അപേക്ഷിക്കുക. ഫോൺ: 9446827141

## അന്തർദേശീയ അറബി കോൺഫറൻസ് സമാപിച്ചു

2019 മുതൽ സൗദി ഗവൺമെന്റ് അഞ്ഞൂറിൽപരം സ്കോളർഷിപ്പുകൾ ഇന്ത്യൻ വിദ്യാർത്ഥികൾക്കായി ആരംഭിച്ചുവെന്ന് സൗദി കൾച്ചറൽ അറ്റാഷെ ഡോ.അബ്ദുല്ലാഹ് അൽ ശതവി. സർവകലാശാല അറബി വിഭാഗം അറബി മാതൃഭാഷ അല്ലാത്തവർക്ക് അറബി ഭാഷ പഠിപ്പിക്കൽ: അനുഭവങ്ങളും ഭാവി കാഴ്ചപ്പാടും എന്ന വിഷയത്തിൽ സംഘടിപ്പിച്ച അന്തർദേശീയ അറബി കോൺഫറൻസിന്റെ ഉത്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയും സൗദി അറബിയയും വിദ്യാഭ്യാസ വാണിജ്യ കാര്യങ്ങളിൽ പുതിയ സഹകരണത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഇന്ത്യയിലെ വിവിധ സർവകലാശാലകളുമായി സൗദി സർവകലാശാലകൾ ഇതിനകം എം.ഒ.യു.ഒപ്പിട്ട് കൊണ്ടിരിക്കുന്നു. ഇന്ത്യൻ വിദ്യാർത്ഥികൾ ഈ അവസരം ഉപയോഗപ്പെടുത്താൻ മുന്നോട്ട് വരണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പ്രോ – വൈസ് ചാൻസലർ പ്രൊഫ.പി.പി അജയകുമാർ മുഖ്യാതിഥി ആയിരുന്നു. കാലിക്കറ്റ് സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ.മുഹമ്മദ് ബഷീർ, ഡോ.അബ്ദുല്ല അൽ സുവൈകിത് (സൗദി അറേബ്യ), ഡോ.അലി അൽഫീരിസി (ഒമാൻ), ഡോ.അഹമ്മദ് അൽ മലൈബാരി (യു.കെ), ഡോ.സാജിദ (ജോർദാൻ), ഡോ.ആമാൽ (സുഡാൻ), ഡോ.വാജിഹ (ഇറാഖ്), ഡോ.ഷീറീൽ (ഈജിപ്ത്), ഡോ.താജുദീൻ, നൗഷാദ് ഹുദവി, ഡോ.മുഹമ്മദ് ഷാഫി വാഫി തുടങ്ങിയവർ സംസാരിച്ചു.

(പ്രത്യേക കുറിപ്പ്: ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്)

തിരുവനന്തപുരം,

19.12.2019 പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098